**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 3679** | **30.01.2014-ൽ മറുപടിക്ക്.**

## മന്ത്രിമാരുടെ പൈലറ്റ് വാഹനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. രമേശ് ചെന്നിത്തല<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ കേരളാ പോലീസിനായി എത്ര വാഹനങ്ങൾ വാങ്ങുകയുണ്ടായി; ആയതിന് എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ; | : എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ കേരളാ പോലീസിനായി 1255 വാഹനങ്ങൾ വാങ്ങുകയുണ്ടായി. ആയതിന് 53,73,85,408 രൂപ (അൻപത്തിമൂന്ന് കോടി എഴുപത്തി മൂന്ന് ലക്ഷത്തി എൺപത്തിഅയ്യായിരത്തി നാനൂറ്റി എട്ട് രൂപ) ചെലവഴിച്ചു |
| ബി) ഈ കാലയളവിനുള്ളിൽ എത്ര പോലീസ് വാഹനങ്ങൾ ലേലം നടത്തി; ആയതുവഴി എന്ത് തുക സർക്കാർ ഖജനാവിൽ അടച്ചു; | ബി) ഈ കാലയളവിനുള്ളിൽ 360 ഉപയോഗശൂന്യമായ പോലീസ് വാഹനങ്ങൾ ലേലം നടത്തി 2,27,54,519 (രണ്ട് കോടി ഇരുപത്തിയേഴ് ലക്ഷത്തി അമ്പത്തിനാലായിരത്തി അഞ്ഞൂറ്റിപത്തൊൻപത്) രൂപ സർക്കാർ ഖജനാവിൽ അടച്ചു. |
| സി) നിലവിൽ എത്ര പോലീസ് വാഹനങ്ങൾ ഉപയോഗ ശൂന്യമായി കിടപ്പുണ്ട്; | സി) നിലവിൽ 461 പോലീസ് വാഹനങ്ങൾ ഉപയോഗ്യശൂന്യമായി കിടപ്പുണ്ട്. |
| ഡി) മുഖ്യമന്ത്രി ഉൾപ്പെടെ മന്ത്രിമാരുടെ പൈലറ്റായി പോലീസ് വകുപ്പ് എത്ര വാഹനങ്ങൾ സ്ഥിരമായി ഉപയോഗിക്കുന്നു; അതിൽ ഏറ്റവും കൂടുതൽ പൈലറ്റ് വാഹനം ഉപയോഗിക്കുന്ന മന്ത്രി ആരെന്ന് കൂടി വ്യക്തമാക്കുമോ; | ഡി) ബഹു. മുഖ്യമന്ത്രി ഇസഡ് പ്ലസ് സുരക്ഷാ വലയത്തിൽ ഉൾപ്പെടുന്ന വി.ഐ.പി ആയതിനാൽ അദ്ദേഹത്തിന്റെ യാത്രാവേളകളിൽ നിർദ്ദേശങ്ങൾക്ക് വിധേയമായി പൈലറ്റ് വാഹനം നൽകി വരുന്നുണ്ട്. മറ്റുള്ള മന്ത്രിമാർ സംസ്ഥാന സർക്കാർ നൽകിയിരിക്കുന്ന കാറ്റഗറി 'എ' എന്ന സുരക്ഷാ വലയത്തിൽപ്പെടുന്നവരാണ്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം എ-കാറ്റഗറി സുരക്ഷാ വലയത്തിലുള്ളവർക്ക് സുരക്ഷയുടെ ഭാഗമായിട്ടുള്ള പൈലറ്റ് വാഹനം നൽകുന്നില്ല. എന്നാൽ മന്ത്രിമാരുടെ യാത്രാവേളകളിൽ അധികം തിരക്കുള്ള റോഡിന്റെ ഭാഗങ്ങളിലും പരിചയമില്ലാത്ത സ്ഥലങ്ങളിലും വേണ്ടുന്ന സഹായം നൽകുന്നതിനായി നിർദ്ദേശാനുസരണം ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് താൽക്കാലികമായി പൈലറ്റ് വാഹനങ്ങൾ നൽകാറുണ്ട്. |

ഇ) സംസ്ഥാന മന്ത്രിസഭയിൽ പൈലറ്റായി പോലീസ് വാഹനം ഉപയോഗിക്കാത്ത മന്ത്രി ആരെങ്കിലും ഉണ്ടോ; വ്യക്തമാക്കുമോ;

ഇ) ബഹു. മുഖ്യമന്ത്രിയൊഴികെ സംസ്ഥാനത്തെ മറ്റു മന്ത്രിമാർക്കാർക്കും തന്നെ സുരക്ഷയുടെ ഭാഗമായി സ്ഥിരം പൈലറ്റ് വാഹനം നൽകിയിട്ടില്ല.

എഫ്) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ, മറ്റ് പ്രമുഖവ്യക്തികൾ ഇവർ ആരെങ്കിലും പൈലറ്റായി പോലീസ് വാഹനം ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ അവർ ആരെല്ലാം; വ്യക്തമാക്കുമോ?

എഫ്) പോലീസ് ഉദ്യോഗസ്ഥർ, മറ്റു പ്രമുഖ വ്യക്തികൾ എന്നിവരുടെ സുരക്ഷയുടെ ഭാഗമായി പൈലറ്റ് ഡ്യൂട്ടിക്കായി പോലീസ് വാഹനം നൽകിയിട്ടില്ല. എന്നാൽ പ്രത്യേക സുരക്ഷാ കാറ്റഗറി നൽകിയിട്ടുള്ള പ്രമുഖ വ്യക്തികൾ അതിന്റെ ഭാഗമായി നൽകിയിട്ടുള്ള എസ്കോർട്ട് വാഹനത്തെ ചില സന്ദർഭങ്ങളിൽ പൈലറ്റ് വാഹനമായി ഉപയോഗിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ